# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 285

21.08.2017 - ൽ മറുപടിക്ക്.

## ക്ലീൻ കേരള കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ക്ലീൻ കേരള കമ്പനി എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കമ്പനിയുടെ രൂപീകരണ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ ശുചിത്വ പരിപാലന രംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുവാൻ മാലിന്യങ്ങളുടെ ഉത്ഭവത്തിൽ കുറവുവരുത്തുകയും ഉത്ഭവിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുവാനും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ഉതകുന്ന രീതിയിലുള്ള ആസൂത്രണം നടത്തുവാനും, ഇതിനായി വിവിധ നൂതന സ്വയം പര്യാപ്തമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടും, ശുചിത്വ പരിപാലനത്തെയും പാരിസ്ഥിതിക സംരക്ഷണത്തിനെയും കുറിച്ച് പൊതുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിച്ചു കൊണ്ടും പൊതുജനാരോഗ്യരംഗത്ത് പുരോഗതി കൈവരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടും നൂതനവും, വിജയകരവുമായി പ്രവർത്തിക്കുന്ന ടെക്നോളജികളുടെ ഉപയോഗത്തിലൂടെ സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ കാതലായ മാനങ്ങൾ വരുത്തുകയാണ് കമ്പനിയുടെ പ്രഖ്യാപിതലക്ഷ്യം.<br><br>മാതൃകാ പദ്ധതികൾ നടപ്പിലാക്കുക; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രചോദനങ്ങൾ നൽകുക.<br><br>പൊതുജനാരോഗ്യം മുൻനിർത്തി സമൂഹത്തിന് ഉതകുന്ന രീതിയിലുള്ള മാലിന്യ ശേഖരണം നടപ്പിലാക്കുക.<br><br>മാലിന്യ സംസ്കരണ - പുനചംക്രമണ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക. |

ചെറുകിട മാലിന്യ സംരംഭകരെ മാലിന്യ സംസ്കരണ മേഖലയിലേയ്ക്ക് ആകർഷിക്കുവാനുള്ള പദ്ധതികളും പോളിസികളും ഉണ്ടാക്കുക.

മാലിന്യ സംസ്കരണ - പുനചംക്രമണ പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുക എന്നിവയും കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ? | (സി) | കാലാകാലങ്ങളിൽ നടത്തുന്ന അവലോകന യോഗങ്ങൾ മുഖേന ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ